# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.11-1533/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലപ്പുള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.11-1533/2022 തീയ്യതി: 14/07/2022

## പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-01-2020 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ ഇ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റോബർട്ട് കെ ജി, ഓഡിറ്റ് ഓഫീസർ
ശ്രീ ഹരിഗോബിന്ദ് കെ സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി രമാദേവി കെ ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അനില സി എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി തങ്കമണി എ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി നന്ദിനി സി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ ഗോപാലകൃഷ്ണ പിള്ള | സെക്രട്ടറി | 25-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നന്ദിനി സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ ജിജി അലൻ ജെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ എസ് ആനന്ദൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ സീമ എം ചന്ദ്രൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ ഉമ സി വി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ രവി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 20-07-2019 |
| ശ്രീമതി ബിന്ദു കെ സി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-07-2019 | 31-03-2020 |
| ശ്രീമതി ലളിത സി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 24-04-2019 |
| ശ്രീ നവനീത് സി കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25-04-2019 | 31-03-2020 |
| ശ്രീമതി ലത ഇ എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീലത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 01-09-2019 |
| ശ്രീമതി അഫ്ന എം എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-09-2019 | 31-10-2019 |
| ശ്രീമതി സിംന്ന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-11-2019 | 31-01-2020 |
| ശ്രീമതി അഫ്ന എം എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-02-2020 | 31-03-2020 |
| ശ്രീ ബാബുരാജ് | ഹെഡ്മാസ്റ്റർ | 01-04-2019 | 05-07-2019 |
| ശ്രീ ശശികുമാർ | ഹെഡ്മാസ്റ്റർ | 06-07-2019 | 31-03-2020 |
| ഡോ.അരുൺ ശ്രീധർ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1 |
| 2 | റിവൈസ്ഡ് ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-1 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.G.Robert (Audit Officer, On 03-07-2022) | 1-2 |
| 4 | വാർഷിക ധന കാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 03-07-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (രസീപ്റ്റ് & പെയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണ സംവധാനം.<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.G.Robert (Audit Officer, On 02-07-2022) | 1-10 |
| 13 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-11 |
| 14 | തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-11(1) |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-11(2) |
| 16 | സ്ഥാപനനികുതി ഈടാക്കിയിട്ടില്ല<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-11(3) |
| 17 | മൊബൈൽ ടവറിന് കെട്ടിടനിർമ്മാണ അനുമതി - കൂടുതൽ കാലയളവ് അനുവദിച്ചു<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-12 |
| 18 | FACTEOS ലൈസൻസ് | 1-13 |

| | | |
|---|---|---|
| | Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | |
| 19 | ആശ്രയ പദ്ധതി - തുക വിനിയോഗിക്കാതെ ശേഷിക്കുന്നു<br>Written By: C.S.Anila (Senior Grade Auditor, On 30-06-2022)<br>Last Updated By: C.S.Anila (Senior Grade Auditor, On 30-06-2022) | 1-14 |
| 20 | എ.ബി.സി പദ്ധതിയുടെ വിനിയോഗ സാക്ഷപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 12-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-15 |
| 21 | ഗുണഭോക്തൃ വിഹിതം പിരിവ് - ഗ്രാമപഞ്ചായത്ത് രശീതി ഉപയോഗിക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 12-06-2022)<br>Last Updated By: K.G.Robert (Audit Officer, On 04-07-2022) | 1-16 |
| 22 | വികസന ഫണ്ടുപയോഗിച്ച് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി- വിശദികരണം ലഭ്യമാക്കേണ്ടതാണ്.<br>Written By: Ramadevi.K.R (Senior Grade Auditor, On 12-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 04-07-2022) | 1-17 |
| 23 | പൂരകപോഷകാഹാര പദ്ധതി-ജി എസ് റ്റി സ്രോതസ്സിൽ നിന്നും ഈടാക്കിയില്ല<br>Written By: Ramadevi.K.R (Senior Grade Auditor, On 12-06-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-18 |
| 24 | കോക്ളിയാർ ഇംപ്ളാന്റ് -പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരക്കേണ്ടതാണ്<br>Written By: Ramadevi.K.R (Senior Grade Auditor, On 12-06-2022)<br>Last Updated By: Ramadevi.K.R (Senior Grade Auditor, On 12-06-2022) | 1-19 |
| 25 | ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-20 |
| 26 | കോവിഡ് - പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-21 |
| 27 | ഗ്രാമ സഭയുടെ സംഘാടനം<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-22 |
| 28 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം.<br>Written By: K.C.Harigobind (Senior Grade Auditor, On 12-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 12-06-2022) | 1-23 |
| 29 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല.<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 1-24 |
| 30 | ക്ഷീരവികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: K.G.Robert (Audit Officer, On 02-07-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം<br>Written By: K.G.Robert (Audit Officer, On 02-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: K.G.Robert (Audit Officer, On 01-07-2022)<br>Last Updated By: K.G.Robert (Audit Officer, On 04-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.G.Robert (Audit Officer, On 01-07-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: K.G.Robert (Audit Officer, On 04-07-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: K.G.Robert (Audit Officer, On 01-07-2022)<br>Last Updated By: K.G.Robert (Audit Officer, On 01-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 03-07-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 03-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.C.Harigobind (Senior Grade Auditor, On 03-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.C.Harigobind (Senior Grade Auditor, On 03-07-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 03-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: K.G.Robert (Audit Officer, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-8 |
| 9 | ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: K.G.Robert (Audit Officer, On 01-07-2022)<br>Last Updated By: K.G.Robert (Audit Officer, On 03-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.G.Robert (Audit Officer, On 01-07-2022)<br>Last Updated By: K.G.Robert (Audit Officer, On 05-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: K.G.Robert (Audit Officer, On 01-07-2022)<br>Last Updated By: Anish A (Computer Assistant, On 14-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികക്കണക്കുകൾ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1 ബജറ്റ്.

2019-20 ലെ ബജറ്റ് പഞ്ചായത്ത് ഭരണ സമിതിയിൽ അവതരിപ്പിച്ച് 23.02.2019 ലെ 1/1ാം നം. തീരുമാന പ്രകാരം അന്തിമമാക്കി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 45,699,441 |
| വരവ് | 44,968,8200 |
| ആകെ | 495,387,641 |
| ചെലവ് | 381,670,550 |
| നീക്കിയിരിപ്പ് | 113,717,091 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1994കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214,സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016/ത.സ്വ.ഭ.വ തിയതി 02.12.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ബജറ്റ് തയ്യാറാക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു :

1.അടുത്ത വർഷത്തേക്കുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനവരി 15 -ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2.മാർച്ച് മാസത്തിലെ ആദ്യ ആഴ്ച്ച കഴിയുന്നത് മുമ്പ് തന്നെ പഞ്ചായത്തിന്റെ പ്രത്യേക യോഗത്തിൽ സമർപ്പിക്കേണ്ടതാണ്.

3.സർക്കാർ ഉത്തരവ് (ആർ.റ്റി) നം.3291/2016 പ്രകാരം മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നും ഏതൊരു പ്രതീക്ഷിത വ്യതാനങ്ങളോടൊപ്പവും വിശദമായ കുറിപ്പുകൾ വേണം എന്ന് ഉറപ്പാക്കേണ്ടതാണ് .

4.3.2.02.12.2016 ലെ വകുപ്പ് 214(7) പ്രകാരം ബജറ്റ് പാസ്സാക്കിയതിന് ശേഷം സർക്കാരിനും ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും, ഓഡിറ്റർക്കും അയക്കേണ്ടതാണ്.

ഭാവിയിൽ ബജറ്റ് പാസ്സാക്കുമ്പോൾ പ്രസ്തുത നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

### 1-1 റിവൈസ്ഡ് ബജറ്റ്.

1994പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214(5) പ്രകാരം വരവ്, ചെലവുകളെ സംബന്ധിച്ച് ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുവാൻ അനിവാര്യമെങ്കിൽ അനുപൂരകമോ, പുതുക്കിയതോ ആയ ഒരു ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ റിവൈസഡ് ബജറ്റ് 25.03.2020 ന് തീരുമാന നം.1(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.വിശദാംശങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 680,35,925 |
| വരവ് | 216,658,515 |
| ആകെ | 284,694,440 |
| ചെലവ് | 237,450,296 |
| നീക്കിയിരിപ്പ് | 472,44,144 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 23-05-2020 | - ഇല്ല- | ബാധകമല്ല |

1-2-1 വാർഷിക ധന കാര്യ പത്രികയിലെ അപാകങ്ങൾ

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2)സ്റ്റോക്കിന്റെ മൂല്യം ചേർത്ത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് വരുന്നില്ല.

3)ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ച് വരുന്നില്ല. (ടാർ ബാരലിന്റെ വില, യഥാസമയം കരാർ ചമയ്ക്കാത്തതിനുള്ള പിഴ എന്നിവയ്ക്കായി 2018-19 ൽ ഈടാക്കേണ്ടത് 2019-2020 ൽ ഈടാക്കിയത് ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ ചേർത്തിട്ടില്ല.)

4)KURDFC വായ്പാ രജിസ്റ്ററിലെ കണക്കുകളിലെ കൃത്യത ഉറപ്പ് വരുത്തി AFS ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5)പഞ്ചായത്ത് തലങ്ങളിൽ പരിപാലിക്കേണ്ട രജിസ്റ്ററുകൾ പൂർണ്ണമായി സൂക്ഷിച്ച് വരുന്നില്ല. (പഞ്ചായത്ത് ഡയറക്ടറുടെ നിർദ്ദേശാനുസരണം സൂക്ഷിക്കേണ്ട തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ 1.സ്റ്റോക്ക് രജിസ്റ്റർ 2.രജിസ്റ്റർ ഫോർ അൺസർവബിൾ ഐറ്റംസ്. )

6)നികുതി വരവുകളിലെ രജിസ്റ്ററുകളിൽ DCB കണക്കുകളുടെ സംഗ്രഹം തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടി സൂക്ഷിച്ചിട്ടില്ല.വിശദവിവരങ്ങൾ :

A)ജീവനക്കാരുടെ തൊഴിൽ നികുതി.

B)ഓഡിറ്റോറിയം & ഹാൾ എന്നിവയ്ക്കുള്ള വാടക രജിസ്റ്റർ.(2019-2020, 2020-21)

C)കെട്ടിടങ്ങളുടെ വാടക രജിസ്റ്റർ.

D)D&O ലൈസൻസ് ഫീ.(2019-2020, 2020-21).

7)പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി ലഭ്യമാവുന്ന വരവുകൾക്കും, ചെലവുകൾക്കുമായി പരിപാലിച്ച് വരുന്ന ബാങ്ക് അക്കൗണ്ടുകളുടെ പകർപ്പുകൾ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല.

8)ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകൾ സഹിതം സൂക്ഷിച്ചിട്ടില്ല.
9)സ്ഥിര നിക്ഷേപ രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി സൂക്ഷിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (രസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 42538895/- |
| വരവ് | 134494825/- |
| ആകെ | 177033720/- |
| ചെലവുകൾ | 1,53,762,442/- |
| നീക്കിയിരിപ്പ് | 23,271,278/- |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 19004722 | 19004722 | 18959722 | 1489466 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7451522 | 7451522 | 7076522 | 9387125 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മിഷൻ ഗ്രാന്റ് | 0 | 14504417 | 14504417 | 927597 | 5228447 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10601584 | 10601584 | 10101584 | 4791416 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5,27,1,770 | 5,27,1,770 | 3236540 | 2035230 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACRപ്രകാരം) (അൺടൈഡ്) | 0 | 14504417 | 14504417 | 9275970 | 5228447 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | -- | -- | -- | -- | -- |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3236 | 2295912 | 2299148 | 2298429 | 719 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം TSC തിരിച്ച് ചേർക്കുക) ICDS | | | | | |
| | 338820 | 1361681 | 1700501 | 0 | 1700501 |
| BRGF | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ബ്ലോക്ക് പഞ്ചായത്ത് | 2097974 | 3810543 | 5908817 | 4490279 | 1418238 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് - ജില്ലാ പഞ്ചായത്ത് | 1732138 | 3192194 | 4924332 | 4167263 | 757069 |
| ബി ഫണ്ട് | - | 34308080 | 34308080 | 34308080 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 8144422 | 8144422 | 8144422 | 0 |
| തനത് ഫണ്ട് - ബാങ്ക് അക്കൗണ്ട് | -0- | -0- | -0- | -0- | -0- |
| തനത് ഫണ്ട് - ട്രഷറി അക്കൗണ്ട് | - | 7046529 | 7046529 | 6251696 | 13298225 |
| മറ്റിനം | 0- | -0- | 0- | 0- | 0- |

1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാകാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്റ്റുകൾ ശതമാനം |
|---|---|---|---|---|---|---|---|
| 2019-2020 | 255 | 222110560 | 170 | 1218025529 | - | 84 | 67 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 22 | 20184622 | 14198072 | 70 |
| അ.സെക്രട്ടറി | 6 | 6 | 3337647 | 2248400 | 67 |
| കൃഷി ഓഫീസർ | 3 | 2 | 9837708 | 8355640 | 85 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 9 | 6 | 1222540 | 743772 | 61 |
| മെഡിക്കൽ ഓഫീസർ | 1 | 1 | 5,00,000 | 5,00,000 | 100 |

| | | | | | |
|---|---|---|---|---|---|
| ആയുർവ്വേദം | | | | | |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 3,00,000 | 3,00,000 | 100 |
| വെറ്ററിനറി സർജ്ജൻ | 6 | 3 | 72,54,500 | 50,9000 | 7 |
| ഐ.സി.ഡി.എസ് | 9 | 5 | 64,27,400 | 5487519 | 85 |
| വി.ഇ.ഒ. | 6 | 5 | 103091950 | 55305673 | 54 |
| ഹെഡ് മാസ്റ്റർ GLPS | 13 | 10 | 63,05,867 | 4293717 | 68 |
| അസ്സി.എഞ്ചിനീർ | 169 | 110 | 60529001 | 34707268 | 57 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 3119325 | 1376468 | 44 |
| ആകെ | 254 | 173 | 222110560 | 128025529 | 58 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| തൊഴിലുറപ്പ് പദ്ധതി | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 3236 | 22,95,912 | 22,99,148 | 2298429 | 719 |
| വേതനം | -0- | 41416816 | 41416816 | 41416816 | -0- |
| ആകെ | 3236 | 43712728 | 43715964 | 43715245 | 719 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | NIL | NIL |
| കർഷകതൊഴിലാളി പെൻഷൻ | 19,82,400 | 862 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 2,40,000 | 08 |
| വാർദ്ധക്യകാലപെൻഷൻ | 60,93,600 | 2596 |
| വികലാംഗപെൻഷൻ | 10,92,600 | 455 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,76,000 | 116 |
| വിധവാ പെൻഷൻ | 25,47,600 | 1090 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

25-05-2022-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8005രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവധാനം.

ആഭ്യന്തര നിയന്ത്രണ സംവധാനം കാര്യക്ഷമമാവുന്നുണ്ടെന്ന് പരിശോധിക്കുവാൻ സ്വീകരിച്ച ഓഡിറ്റ് നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ തെളിഞ്ഞ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

# പൗരാവകാശ രേഖ കാലികമാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

# ഭരണസമിതിയുടെ മിനിട്സ് പൂർണ്ണമായി സകർമ്മ സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിച്ച് വരുന്നില്ല.

# ദൈനംദിന വരവ്/ചെലവ് കണക്കുകൾ സാംഖ്യ ഓണ്ലൈനിലൂടെ രേഖപ്പെടുത്തി വരുന്നത് മേൽ ഉദ്യോഗസ്ഥർ പരിശോധിച്ച് വരുന്നുണ്ട്.

# പണമിടപാടുകൾ ക്ലോസ് ചെയ്തതിന് ശേഷം പിറ്റേ ദിവസം തന്നെ തനത് ഫണ്ടിന്റെ അക്കൗണ്ടിൽ ഒടുക്ക് വരുത്തുന്നുണ്ട്.

# ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സൂക്ഷിച്ച് വരുന്നില്ല.

# പെർഫോമൻസ് ഓഡിറ്റ് ശാഖ എല്ലാ മാസവും വരവ്/ചെലവ് കണക്കുകൾ പരിശോധിച്ച് വരുന്നുണ്ട്.കോവിഡ് പശ്ചാത്തലത്തിൽ 3 മാസത്തിലൊരിക്കൽ കണക്കുകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

# 2019-2020 സാമ്പത്തിക വർഷം മുതൽ പഞ്ചായത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്.

# സ്യൂട്ട് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.04.2022 | 11/2021 മുതൽ 3/2022 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.03.2022 മുതൽ 11.03.2022 വരെ | 01.04.2016 മുതൽ 31/01/2022 വരെ | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

1-11 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിലെ നിരീക്ഷണങ്ങൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-11(1) തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

1. തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററിൽ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്തിയിട്ടില്ല. ഈടാക്കിയ തുക മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. എല്ലാ സ്ഥാപനങ്ങളുടെയും രണ്ടാം അർദ്ധവർഷത്തെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

A) നിൽഗിരി പബ്ലിക്ക് സ്കൂൾ - II Half

B) അഹല്യ പബ്ലിക്ക് സ്കൂൾ - II Half

C) എലപ്പുള്ളി സർവീസ് സഹകരണ ബാങ്ക് - II Half

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം. 11/30.05.22)

1-11(2) തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

A) എൻ ആർ ഇ ജി എസ് - ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തുക |
|---|---|---|---|
| 1 | രാജലക്ഷ്മി വി, എ ഇ | 160500 (26750x6) | 1250 |
| 2 | സുജീഷ് എൽ, ഓവർസീയർ | 127770 (21295x6) | 1250 |
| 3 | കൃഷ്ണ ആർ, ഓവർസീയർ | 127770 (21295x6) | 1250 |
| 4 | ദർശന കെ എസ്, അക്കൗണ്ടന്റ് | 118770 (19795x6) | 750 |
| 5 | ശ്രുതി സി, അക്കൗണ്ടന്റ് | 118770 (19795x6) | 750 |
| 6 | പ്രിയ കെ, അക്കൗണ്ടന്റ് | 118770 (19795x6) | 750 |
| ആകെ | | | 6000 |

B) FACTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഫാൽക്കൺ റബ്ബർ ഇൻഡസ്ട്രീസ് | 7 |

| | | |
|---|---|---|
| 2 | 5/532,അസ്സഹ് അസ്സോസിയേറ്റ്സ് | 5 |
| 3 | 8/600,601കോർബൽ പ്രീ ലാമിനേറ്റഡ് ബോർഡ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 7 |
| 4 | 18/251,ചേരങ്കാട് ക്ഷീരോത്പാദക സഹകരണ സംഘം | 3 |
| 5 | 13/459 സ്റ്റാർ മെറ്റൽസ് | 5 |
| 6 | 7/586, ഗ്രീൻ വേ പോളിമേഴ്സ് | 12 |
| 7 | 6/22, 23സാക്സൺ കാസ്റ്റിംഗ് (പ്രൈ) ലിമിറ്റഡ് | 5 |
| 8 | AB ഹാച്ചറീസ് | 8 |
| 9 | പാഡികോ ലിമിറ്റഡ് | 20 |
| 10 | 6/220,ആകാശ് പെറ്റ്സ് | 7 |
| 11 | 3/352, 356, MK സ്റ്റീൽസ് | 4 |
| 12 | 4/534,പ്രൊമിനന്റ് ന്യൂസിഫെറ | 7 |
| 13 | 6/43, ESS പ്ലാസ്റ്റ് യൂണിറ്റ് | 5 |

C) തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവയുടെ പരിശോധനയിൽ പഞ്ചായത്ത് പരിധിയിലെ റേഷൻകടകളിലെ ജീവനക്കാർ, പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ നടപ്പിലാക്കിയ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം മുഖേന റേഷൻകടകളുടെ വിവരം അന്വേഷിച്ചതിന് മറുപടി ലഭ്യമായില്ല

ചട്ടപ്രകാരം തൊഴിൽനികുതി അടക്കുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും അതുവഴി തനതുവരുമാനനഷ്ടം സംഭവിക്കുന്നത് ഒഴിവാക്കേണ്ടതുമാണ്. മേൽപ്പറഞ്ഞവരിൽ നിന്നും നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ക്രമ നം. (A) യിൽ തൊഴിൽനികുതി ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. വിഷയത്തിൽ ഓഡിറ്റ് അന്വേഷണം നം. 11/30.05.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

1-11(3) സ്ഥാപനനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | 6/522ശ്രീരാം ഇൻഡസ്ട്രീസ് | I &II |
| 2 | ജയകൃഷ്ണ സ്റ്റീൽസ് | ,, |

ഓഡിറ്റ് അന്വേഷണത്തിന് (11/30.05.2022) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 മൊബൈൽ ടവറിന് കെട്ടിടനിർമ്മാണ അനുമതി - കൂടുതൽ കാലയളവ് അനുവദിച്ചു

2019-20 സാമ്പത്തിക വർഷത്തിൽ കെട്ടിടനിർമ്മാണ അനുമതി നൽകിയ മൊബൈൽ ടവറിന് നിർമ്മാണ അനുമതിയ്ക്കുള്ള കാലയളവ് ചട്ടപ്രകാരമുള്ളതിൽ അധികരിച്ച് നല്കിയിരിക്കുന്നു.

| അപേക്ഷകന്റെ മേൽവിലാസം | സർവേ നം. | പെർമിറ്റ് അനുവദിച്ച തീയതി | മാന്വലായി അനുവദിച്ച പെർമിറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന കാലാവധി |
|---|---|---|---|
| M/s. Indus Tower Ltd, വങ്കാരത്ത് ടവർ, പാലാരിവട്ടം | 338/4 | 02.03.20 | 01.03.2025<br>(അഞ്ചു വർഷം) |

2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറിനുള്ള പെർമിറ്റിന്റെ കാലാവധി ഒരു വർഷവും പെർമിറ്റിന്റെ സാധുതാ കാലയളവിനുള്ളിൽ അപേക്ഷിച്ചാൽ കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ചട്ടപ്രകാരം അനുവദിക്കാവുന്ന നിർമ്മാണ അനുമതിയുടെ കാലയളവ് ഒരു വർഷമാണെന്നിരിക്കെ മേൽപരാമർശിച്ചവയിൽ അഞ്ചുവർഷക്കാലാവധി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/31.05.22) മറുപടി ലഭ്യമാക്കിയില്ല. കാലാവധി ദീർഘിപ്പിച്ചുനൽകുന്നതിനായി അപ്പോൾ ബാധകമായ പെർമിറ്റ് ഫീസിന്റെ 50% തുക ഈടാക്കാവുന്നതാണ്. നിയമാനുസൃതമായ കാലയളവിൽ കൂടുതൽ അനുവദിക്കുന്നത് അനധികൃതനിർമ്മാണത്തിനും ഈ ഇനത്തിൽ ഈടാക്കാവുന്ന ഫീസിന്റെ നഷ്ടത്തിനും കാരണമാകുന്നു. കൂടാതെ ചട്ടപ്രകാരം ഇപ്രകാരമുള്ള ടവറുകൾക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയാതെ വരുകയും ചെയ്യുന്നു. നിർമ്മാണ അനുമതി കാലായളവ് അധികരിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 FACTEOS ലൈസൻസ്

2019-20 വർഷത്തിലെ FACTEOS ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, ട്രേഡേഴ്സ് ലിസ്റ്റ്, സഞ്ചയപ്രകാരമുള്ള വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നുമുള്ള നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്റർ പ്രകാരം 22 വാർഡുകളിലായി 306സ്ഥാപനങ്ങൾക്ക് FACTEOS ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭ്യമായ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം 190 ആണ്. എന്നാൽ സഞ്ചയ പ്രകാരം നിലവിൽ ലൈസൻസിന്റെ പരിധിയിൽ വരുന്ന 1000-ൽ അധികം സ്ഥാപനങ്ങളുണ്ട്. ഇതിൽ നിന്നും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയോ പഞ്ചായത്ത് പരിധിയിലുള്ള മുഴവൻ

സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമാകുന്നു.

2.ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളും ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് /കെട്ടിട നം. | സ്ഥാപനം |
|---|---|
| 17/107 | ശിവകുമാർ, അജിത്ത് നിവാസ്, എക്സലന്റ് സ്പൈസസ് പൗഡർ, ഫ്ലോർ മിൽ |
| - | സാനി കാർലോസ്, പരപ്പൻ വിഴയിൽ, അകത്തേത്തറ, കട്ടിള, ജനൽ, സിമന്റ് ബ്രിക്സ് നിർമ്മാണം |
| 6/220 | സുനിൽ ഫിലിപ്പ്, ചുട്ടിപ്പാറ, ആകാശ് പെറ്റ്സ്, പെറ്റ് ബോട്ടിൽ നിർമ്മാണം |
| 16/256 | വിജയകുമാർ, പാറ, എലപ്പുള്ളി, ശിവംസ് തൃശ്ശൂർ ഫാഷൻ ജ്വല്ലറി |

2. ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളും ഡിമാന്റ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം നടത്തുന്നത് |
|---|---|
| 1 | എൻ കെ രാമചന്ദ്രൻ, പാറ, എലപ്പുള്ളി, ഗ്രോസറി ഷോപ്പ് |
| 2 | കെ കിട്ടു, ശ്രീകൃഷ്ണ സ്റ്റോർ, പാറ, ഉണിക്കട |
| 3 | രവികുമാർ, മായംകുളം, ഹോട്ടൽ |
| 4 | ബാബു, എന്തക്കാട് ഹൗസ്, പെരുവെമ്പ്, അരി, ഗോതമ്പ് പൊടിക്കുന്നതിനുള്ള മിൽ |

3. 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന റേഷൻകടകളുടെ വിശദാംശം ലൈസൻസ് എടുത്തതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/31.05.22) മറുപടി ലഭ്യമാക്കിയില്ല. ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവയുടെ പരിശോധിച്ചതിൽ റേഷൻകടകൾ പ്രവർത്തിക്കുന്നതിനായി ലൈസൻസ് എടുത്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ട്രേഡേഴ്സ് ലിസ്റ്റ്, ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്തവരുടെ എണ്ണം, സഞ്ചയയിൽ ലഭ്യമായ വിവരങ്ങളനുസരിച്ച് ലൈസൻസിന്റെ പരിധിയിൽ വരുന്നവർ എന്നിവയിലെ എണ്ണത്തിലുള്ള വ്യത്യാസം പരിശോധിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ ഒരു സ്ഥാപനവും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ല എന്നുറപ്പുവരുത്തേണ്ടതുമാണ്. ഇതിലൂടെ തനതുവരുമാനത്തിന്റെ സ്രോതസ്സെന്ന നിലയിൽ ലൈസൻസിനത്തിൽ ലഭ്യമാകേണ്ട തുക പഞ്ചായത്തിന് നഷ്ടം വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിനായി അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ആശ്രയ പദ്ധതി - തുക വിനിയോഗിക്കാതെ ശേഷിക്കുന്നു

പ്രൊജക്ട് - 70/19-20, ആശ്രയ പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 500000 (വികസനഫണ്ട് ജനറൽ)

ചെലവ് - 500000(വികസനഫണ്ട് ജനറൽ)

ബിൽ നം. - 3/19-20/21.08.19

അഗതി രഹിത കേരളം പദ്ധതിയ്ക്കായി അഞ്ചുലക്ഷം രൂപ കാനറാ ബാങ്കിലുള്ള (A/c No.106110102562O) അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. നാളിതുവരെയും 463000രൂപയാണ് ആശ്രയ ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. ചെലവഴിക്കാതെ ശേഷിക്കുന്ന 73000രൂ ചെലവഴിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ഓഡിറ്റ് അന്വേഷണം (16/31.05.22) മുഖേന ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. സമൂഹത്തിൽ അടിയന്തിര പരിഗണന ലഭ്യമാകേണ്ടവർക്കായി ഉപയോഗിക്കേണ്ട തുക അടിയന്തിരമായി വിനിയോഗിക്കേണ്ടതും വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

1-15 എ.ബി.സി പദ്ധതിയുടെ വിനിയോഗ സാക്ഷപത്രം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് നം- 10 /20
നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

അടങ്കൽ -350000(വികസന ഫണ്ട് -ജനറൽ)

ചെലവ് -350000 (ബിൽ നം 1/5.8.2019)

തെരുവുനായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും അതു വഴി പേവിഷബാധയും ജന്തുജന്യരോഗങ്ങളും നിയന്ത്രിക്കുന്നതിനുമാണ് എ.ബി.സി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഡെപ്യൂട്ടിഡയറക്ടർ(മൃഗസംരക്ഷണം) ആണ് പദ്ധതിയുടെ ജില്ലാതല നിർവ്വഹണോദ്യോഗസ്ഥൻ. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാപഞ്ചായത്ത് ചെലവ് കണക്കാക്കിയിരിക്കുന്നത്. ആയതു പ്രകാരം 233 നായ്ക്കളെയെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈ വർഷം വന്ധ്യംകരിക്കേണ്ടതാണ്. എന്നാൽ പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ടെങ്കിലും പൂർത്തീകരണ വിവരമോ പദ്ധതിയുടെ പുരോഗതി റിപ്പോർട്ടോ ലഭ്യമല്ല. 28.1.2020 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നല്കിയതിന് തുക ജില്ലാ പഞ്ചായത്ത് TSB അക്കൗണ്ടിലേക്ക് ലഭ്യമായതിന്റെ രശീതി മാത്രമാണ് നല്കിയിട്ടുള്ളത്. ജില്ലാപഞ്ചായത്തിൽ നിന്നും പദ്ധതി നടത്തിപ്പിന്റെ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(എൻക്വയറി നം 7/30-5-2022)

1-16 ഗുണഭോക്തൃ വിഹിതം പിരിവ് - ഗ്രാമപഞ്ചായത്ത് രശീതി ഉപയോഗിക്കേണ്ടതാണ്

2019-20 വർഷത്തെ നെൽവിത്ത് വിതരണം പദ്ധതി നടത്തിപ്പിന്റെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗുണഭോക്തൃ വിഹിതം പിരിച്ചതിലും ആയതിന്റെ ചെലവ് രേഖപ്പെടുത്തുന്നതിലും അപാകങ്ങൾ ഉള്ളതായി കണ്ടെത്തി.

പ്രോജക്റ്റ് നം- 243/20- കർഷകർക്ക് നെൽവിത്ത് വിതരണം

അടങ്കൽ-971100(വികസന ഫണ്ട്-337500+ തനത് ഫണ്ട്-160500+ഗുണഭോക്തൃ വിഹിതം 473100)

ചെലവ് -498000(1/19-20,17.10.2019)

സുലേഖയിലെ ചെലവ് പത്രികയിൽ ഗുണഭോക്തൃവിഹിതം ചെലവ് ഉൾപ്പെട്ടിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെ രേഖകളും, രജിസ്റ്ററുകളും ഹാജരാക്കാൻ ആവശ്യപ്പെട്ട് TR 5 രശീതി ബുക്ക് ആണ് ലഭ്യമായത്. 8831 നമ്പർ രശീതിബുക്ക് മുഖേനയാണ് ഗുണഭോക്തൃ വിഹിതം പിരിച്ചിരിക്കുന്നത്-0883078 മുതൽ 0883096 വരെയുള്ള രശീതികളിലൂടെ പിരിച്ച തുക ഉൾപ്പടെ വിത്ത് വാങ്ങുന്നതിനുള്ള 971100 രൂപ NSC യിലേക്ക് അടവാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയിട്ടുണ്ടെങ്കിലും സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ്

പത്രികയിൽ ഗുണഭോക്തൃവിഹിതമിനത്തിൽ ചെലവില്ല . ഗുണഭോക്തൃ വിഹിതം ചെലവ് പദ്ധതിയുടെ ആകെ ചെലവിൽ ഉൾപ്പെടുത്താത്തിനാൽ കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ ചെലവ് ശതമാനത്തിലും വ്യത്യാസം വരുന്നുണ്ട്.തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയുടെ ഭാഗമായി ഗുണഭോക്തൃ വിഹിതം പിരിക്കുന്നത് സ്ഥാപനത്തിന്റെ രശീതി ഉപയോഗിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നറിയിച്ച എൻക്വയറി നല്കിയതിന് മറുപടി ലഭിച്ചില്ല.(എൻക്വയറി 8/30-5-2022)

## 1-17 വികസന ഫണ്ടുപയോഗിച്ച് അനുവദനീയമല്ലാത്ത പദ്ധതി നടപ്പിലാക്കി-വിശദികരണം ലഭ്യമാക്കേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച് പ്രസിദ്ധീകരിച്ച സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018, ഖ- 5. ഖ8.4 എന്നിവയിൽ സബ്സിഡി/ ധനസഹായം നല്കുന്നതിന് നിയന്ത്രണങ്ങളുള്ള ഇനങ്ങൾ ചേർത്തിട്ടുണ്ട്.വികസന ഫണ്ട് ഉത്പാദന പരമല്ലാത്ത പരിപാടികളായ ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ- പഠനയാത്രകൾ എന്നിവക്കായി ഉപയോഗിക്കുന്നതിന് നിയന്ത്രണങ്ങൾ ഉണ്ട്.

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷത്തിൽ എച്ച് എം നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള രണ്ട് പദ്ധതികൾ വികസന ഫണ്ടിൽ നിന്നും അനുവദനീയമല്ല. പദ്ധതികളുടെ വിശദവിവരങ്ങൾ

1. പ്രോജക്റ്റ് നമ്പർ - 178/20- നാടകോൽസവം,സാഹിത്യക്യാമ്പ്, പഠനയാത്ര, ചിത്രരചനാ ക്യാമ്പ്( സ്പിൽ ഓവർ)

അടങ്കൽ- 21934(വികസനഫണ്ട് (ജനറൽ))

ചെലവ്- 21934(ബിൽ നമ്പർ 2/24-3-19)

2.പ്രോജക്റ്റ് നമ്പർ - 95/20- നാടകോൽസവം,സാഹിത്യക്യാമ്പ്, പഠനയാത്ര, ചിത്രരചനാ ക്യാമ്പ്

അടങ്കൽ- 200000(വികസനഫണ്ട് (ജനറൽ))

ചെലവ്- 175075(1.ബിൽ നമ്പർ 11/17-1-2020-117200)

2.ബിൽ നമ്പർ 12/23-1-2020-57585)

പദ്ധതികളുടെ ഭാഗമായി നാടകോൽസവം,സാഹിത്യക്യാമ്പ്, പഠനയാത്ര എന്നിവ നടത്തിയിട്ടുണ്ട്. കുട്ടികൾക്കായി വിഷയങ്ങൾ കൈകാര്യം ചെയ്ത വിദഗ്ധർക്കുള്ള പ്രതിഫലം , ഭക്ഷണച്ചെലവ്, യാത്ര, താമസം എന്നിവയാണ് പ്രധാന ചെലവിനങ്ങൾ. മാർഗരേഖയിൽ നിർദേശിച്ചതിനു വിരുദ്ധമായ ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് മറുപടി ലഭിച്ചില്ല(എൻക്വയറി 9/30-5-2022).
മാർഗരേഖക്കു വിരുദ്ധമായി രണ്ടു പദ്ധതികളിലുമായി വിനിയോഗിച്ച തുക 197009 രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 പൂരകപോഷകാഹാര പദ്ധതി-ജി എസ് റ്റി സ്രോതസ്സിൽ നിന്നും ഈടാക്കിയില്ല

19-20ൽ സമഗ്ര പൂരക പോഷകാഹാരം പരിപാടി എന്ന പേരിൽ രണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 34/20 | സമഗ്ര പൂരക പോഷകാ ഹാരം പരിപാടി- ജനറൽ | 2925000 ( 2925000 – വികസന ഫണ്ട് ) | 2913919 ( 2913919 – വികസന ഫണ്ട് ) |

| | | | | |
|---|---|---|---|---|
| 2 | 35/20 | സമഗ്ര പൂരക പോഷകാ ഹാരം പരിപാടി- എസ് സി പി | 950000 (950000- വികസന ഫണ്ട്- എസ്.സി.പി) | 950000 (950000- വികസന ഫണ്ട്- എസ്.സി.പി) |

പ്രോജക്ടുകളുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ്, ആരോഗ്യ മിക്സ് എന്നിവ വാങ്ങിയ വകയിൽ ശക്തി ആരോഗ്യ ഫുഡ്സ് , കൊങ്ങൻപാറ , പുതുശ്ശേരി എന്ന സ്ഥാപനത്തിന് വിവിധ ബില്ലുകളിലായി താഴെ പറയും പ്രകാരം തുക അനുവദിച്ചുനൽകിയിട്ടുണ്ട്.

| പ്രോജക്റ്റ് നം | സ്ഥാപനത്തിന് നല്കിയ തുക | ബിൽ തുക (ബിൽ നം. / തീയതി) |
|---|---|---|
| 34/20 | 575852 | 716763 (3/19.8.19) |
| 34/20 | 296287 | 296287(9/28.11.19) |
| 34/20 | 408359 | 408359(12/24.2.20) |
| 34/20 | 487869 | 487869(13/24.2.20) |
| 34/20 | 327092 | 327092(15/13.3.20) |
| 34/20 | 366004 | 366004(17/13.3.20) |
| 35/20 | 314291 | 314291(10/28.11.19) |
| 35/20 | 359697 | 359697(16/13.3.20) |
| | | |

5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ 01-10-2018 മുതൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന് കേന്ദ്ര ധനമന്ത്രാലയം 13-09-2018 ലെ വിജ്ഞാപനം നം. 50/2018- സെൻട്രൽ ടാക്സ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

എന്നാൽ മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ 5% ജി.എസ്.ടി (CGST-2.5%, SGST-2.5%) കൂടി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്.

സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ഇത്തരത്തിൽ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. (എൻക്വയറി 12/31.5.22)

### 1-19 കോക്ളിയാർ ഇംപ്ളാന്റ് -പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടി സ്വീകരക്കേണ്ടതാണ്

2019-20 ൽ മെഡിക്കൽ ഓഫീസർ (പി എച്ച് സി) നടപ്പാക്കിയ 180/20-കോക്ളിയാർ ഇംപ്ളാന്റ് - അനുബന്ധ സാമഗ്രികൾ വാങ്ങലും മെയിന്റനെൻസും പദ്ധതി നടപ്പാക്കുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് ഒരു ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും ബിൽ നം 1/30.4.19 പ്രകാരം അനുവദിച്ചിട്ടുണ്ട്.കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം നല്കിയിട്ടുണ്ടെങ്കിലും ടി പദ്ധതിയുടെ ഗുണഭോക്താക്കളായി ഗ്രാമപഞ്ചായത്തിൽ നിന്നും തെരഞ്ഞെടുത്ത രണ്ടു

കുട്ടികൾക്ക് ഈ ഫണ്ടുപയോഗിച്ച് വൈദ്യസഹായം ലഭ്യമായോ എന്നത് ഫയലിൽ നിന്നും വ്യക്തമല്ല.ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയരി നല്കിയതിന് മറുപടി ലഭിച്ചില്ല(എൻക്വയറി 14/31.5.22)

പദ്ധതിയിലൂടെ ലക്ഷ്യമിട്ട നേട്ടം ഗുണഭോക്താക്കളായ കുട്ടികൾക്ക് ലഭിച്ചു എന്നുറപ്പാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടും, ആയത് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കുകയും ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-20 ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

2003 ലെ കേരള പഞ്ചായത്ത് രാജ് ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്.

ചട്ടം 3(2) പ്രകാരം കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ

സ്വീകരിച്ചും ധനം സ്വരൂപിക്കാവുന്നതാണ്.

ചട്ടം 4(3) അനുശാസിക്കുന്ന രീതിയിൽ പ്രസ്തുത നിധി കൈകാര്യം ചെയ്യുവാനായി

പ്രസിഡന്റ്, സെക്രട്ടറി, ഒരു മെമ്പർ എന്നിവർ അടങ്ങുന്ന സബ്കമ്മിറ്റി വേണം.

ചട്ടം 4(4) - ധന സഹായത്തിനുള്ള അപേക്ഷകളിൽ അന്വേഷണം നടത്തണം.

ചട്ടം 4(5) - അർഹനായ വ്യക്തിക്ക് 500/- രൂപ അടിയന്തിര ധനസഹായം പ്രസിഡന്റിന് നൽകാവുന്നതും, ആയതിനുള്ള സാധൂകരണം സബ്കമ്മിറ്റിയിൽ നിന്നും ഒരു മാസത്തിനുള്ളിൽ വാങ്ങേണ്ടതുമാണ്.

ചട്ടം 5 – പ്രത്യേക ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, രസീതി, ബാങ്ക് പാസ്സ് ബുക്ക്,

തുടങ്ങിയവ സെക്രട്ടറി സൂക്ഷിക്കണം.

ദുരിതാശ്വാസ നിധി രൂപീകരണവും, വിനിയോഗവും ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-21 കോവിഡ് - പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് മഹാമാരിയുടെ ആധിക്യം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ കോറാണ വൈറസിന്റെ വ്യാപനം തടയാനുള്ള ബോധവൽക്കരണ ക്ലാസ് പഞ്ചായത്ത് തലത്തിൽ 4.02.2020 ൽ നടത്തുവാനായി യോഗം ചേർന്നിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ ഭാഗമായി പ്രവർത്തിച്ച് വരുന്ന നക്ഷത്ര വനിതാ കാന്റീനാണ് പ്രസ്തുത കാലയളവിവൽ സാമൂഹ്യ അടുക്കളയായി

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.പ്രസ്തുത സ്ഥാപനത്തിന്റെ സേവനം മോണിറ്ററിംഗ് നടത്തുവാനായി സർക്കാർ ഉത്തരവ് നം.713/2020 പ്രകാരം കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും അഗതികൾക്ക് ഭക്ഷണം എത്തിക്കുന്നതിന് പ്രോട്ടോക്കോൾ പ്രകാരം പരിശീലനം ലഭിച്ച വളണ്ടിയർമാരുടെ സേവനം ലഭ്യമായിട്ടുണ്ട്.പ്രസ്തുത രീതിയിൽ നൂറിലേറെ കോവിഡ് ബാധതരായ വ്യക്തികൾക്ക് പ്രതിദിനം ഭക്ഷണം നല്കുവാൻ പഞ്ചായത്തിന് സാധ്യമായിട്ടുണ്ട്.പഞ്ചായത്ത് നിർവ്വഹിക്കുന്ന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ പൊതു സമൂഹത്തിലേക്ക് എത്തിക്കുന്നുണ്ട്.സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും ഹോം ക്വാറന്റൈനിൽ കഴിയുന്ന കോവിഡ് ബാധിതർക്ക് വളണ്ടിയർമാർ മുഖേന ഭക്ഷണം വിതരണം ചെയ്യുന്നതിനായി പാസ്സുകൾ നൽകി വന്നിട്ടുണ്ട്.സർക്കാർ നിർദ്ദേശമനുസരിച്ച് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സെക്രട്ടറി, സെക്ഷൻ ക്ലർക്ക് എന്നിവരുൾപ്പെടെ കൺട്രോൾ റൂം രൂപീകരിച്ചിട്ടുണ്ട്.കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് 21.07.2020 ന് പഞ്ചായത്ത് തല യോഗത്തിൽ തീരുമാനം സ്വീകരിച്ചിട്ടുണ്ട്.പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ജി.എ.പി.എച്ച്.എസിലെ ഹൈസ്കൂൾ ബ്ലോക്ക് പുതിയ കെട്ടിടം ഹയർ സെക്കണ്ടറി ബ്ലോക്ക് എന്നിവ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററാക്കി പ്രവർത്തനങ്ങൾ നടത്തുവാനായി പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.പ്രസ്തുത നടപടികളിലൂടെ കോവിഡ് നിർവ്യാപന പ്രവർത്തനങ്ങൾ പഞ്ചായത്ത് ഫലപ്രദമായ രീതിയിൽ നിർവ്വഹിച്ചതായി ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-22 ഗ്രാമ സഭയുടെ സംഘാടനം

കേരള പഞ്ചായത്ത് രാജ് വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തിയ എല്ലാവരും പഞ്ചായത്തിന്റെ ഗ്രാമസഭയിലെ അംഗങ്ങളായി പരിഗണിക്കാവുന്നതാണെന്ന് നിഷ്കർഷിക്കുന്നു.പഞ്ചായത്തിലെ ഗ്രാമസഭകളുടെ സംഘാടനവും, നിർവ്വഹണത്തിന്റേയും വിശദവിവരങ്ങൾ :

# പഞ്ചായത്തിന്റെ പരിധിയിലുള്ള 21 വാർഡുകളിലും നൊട്ടീസുകൾ വിതരണം ചെയ്തും, അനൗൺസ്മെന്റിലൂടേയും ഗ്രാമ സഭയുടെ യോഗം ചേരുന്ന വിവരം പ്രചരണം നടത്തി വരുന്നുണ്ട്.

# പഞ്ചായത്തിൽ ശരാശരി 3 മാസം അധികാരിക്കാത്ത കാലയളവിനുള്ളിൽ ഗ്രാമ സഭ കൂടാറുന്നുണ്ട്.

# ഗ്രാമ സഭയിൽ നിശ്ചിത ക്വോറം തികയാറുണ്ട്.

# നിലവിൽ പഞ്ചായത്തിന് ട്രൈബൽ സബ്പ്ലാൻ ലഭ്യമാവുന്നില്ല.

# പട്ടിക വർഗ്ഗത്തിലുൾപ്പെട്ട 6 കുടുംബങ്ങൾ മാത്രമാണ് പഞ്ചായത്തിൽ നിലവിലുള്ളത്.

# നിലവിൽ പട്ടിക വർഗ്ഗക്കാർക്കായി പ്രത്യേക ഗ്രാമ സഭ ചേരുന്നില്ല.

# ഭിന്നശേഷിക്കാർക്കായി പ്രത്യേക ഗ്രാമ സഭാ കൂടുന്നില്ല.

# ഗ്രാമ സഭയുടെ കൺവീനർ പ്രസിഡന്റും, ഇദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റും ആണ് ഗ്രാമസഭകളുടെ സംഘാടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് വരുന്നത്.

#വ്യക്തിഗത ആനുകല്യ വിതരണത്തിനായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി വരുന്നുണ്ട്.

# അനർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കി വരുന്നില്ല.

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേയും, പെർഫോമൻസ് ഓഡിറ്റ് ശാഖയുടേയും, സോഷ്യൽ ഓഡിറ്റിലേയും, ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

കേരള പഞ്ചായത്ത് രാജ് വകുപ്പ് 3 ഉപവകുപ്പ് (2) പ്രകാരം ഗ്രാമ സഭയുടെ സംഘാടനത്തിൽ താഴെ പറയുന്ന നിബന്ധനകൾ പാലിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു :

1.ഭിന്നശേഷിക്കാർക്കായി പ്രത്യേക ഗ്രാമ സഭ ചേരേണ്ടതാണ്.

2.അനർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

3.കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിലേയും, സോഷ്യൽ ഓഡിറ്റിലേയും, പെർഫോമൻസ് ഓഡിറ്റ് ശാഖയുടേയും ഓഡിറ്റ് റിപ്പോർട്ടുകൾ ഗ്രാമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ച് തുടർ നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-23 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം - അവലോകനം.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിശദവിവരങ്ങൾ :

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

സാമ്പത്തിക വർഷത്തിൽ മാസത്തിലോരിക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.എല്ലാ മാസങ്ങളിലേയും വരവ്/ചെലവുകൾ പരിശോധിച്ച് അംഗീകാരം നൽകി വരുന്നുണ്ട്.വസ്തു നികുതി ഈടാക്കി വരുന്ന കെട്ടിടങ്ങൾക്കുള്ള നികുതി ബന്ധപ്പെട്ട ക്ലർക്കമാർ നൽകി വരുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇളവ് നൽകി വരുന്നതിനുള്ള തീരുമാനങ്ങൾ സ്വീകരിച്ച് വരുന്നുണ്ട്.

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഓരോ സാമ്പത്തിക വർഷത്തിലും ശരാശരി മാസത്തിലൊരിക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.നടപ്പ് വർഷത്തേയും സ്പിലോവറുമായ പദ്ധതികൾ ആവിഷ്കരിക്കുവാനുള്ള നടപടികളും സ്വീകരിച്ച് വരുന്നുണ്ട്.പദ്ധതികൾക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള

ഫോറങ്ങൾ വിതരണം ചെയ്യുന്നതിനും, പദ്ധതികൾക്കുള്ള സാങ്കേതികാനുമതിയും, വെറ്റിംങ്ങും സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള തീരുമാനങ്ങളും സ്വീകരിച്ച് വരുന്നുണ്ട്.വാർഷിക പദ്ധതിക്കുള്ള വ്യക്തിഗത ഗ്രൂപ്പ്, ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് എന്നിവ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശ ചെയ്ത് വന്നിട്ടുണ്ട്.

ആരോഗ്യ വിദ്ധ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

സാമ്പത്തിക വർഷത്തിൽ മാസത്തിലോരിക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.2020-21 സാമ്പത്തിക വർഷത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന പദ്ധതികൾക്ക് സ്രോതസ്സുകൾ വകയിരുത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്യുവാൻ യോഗത്തിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.സമ്പൂർണ്ണ ശുചിത്വ പദ്ധതി കൈവരിക്കുന്നതിനായി ആയത് ഹരിത കർമ്മസേന ശേഖരിച്ചിട്ടുള്ള ജൈവ/അജൈവ മാലിന്യങ്ങൾ ക്ലീൻ കേരളക്ക് കൈമാറുവാനുള്ള തീരുമാനം സ്വീകരിച്ചിട്ടുണ്ട്.ലൈബ്രറി കെട്ടിട ആവശ്യങ്ങൾക്കായി ടി.വി., പ്രൊജക്റ്റർ എന്നിവ സ്ഥാപിക്കുവാനുള്ള നടപടികൾക്കുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ശരാശരി മാസത്തിലൊരിക്കൽ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ 25.04.2019 ലെ സർക്കുലർ യോഗത്തിൽ ചർച്ച ചെയ്യുകയും സർക്കുലറിലെ നിർദ്ദേശാനുസരണം അർഹരായവർക്ക് മാത്രം പെൻഷനുകൾ നൽകുവാൻ പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്.EPF പെൻഷനുകൾക്ക് അർഹതയുള്ളവർക്ക് മാനദണ്ഡങ്ങൾക്ക് അനുസൃതമായി പെൻഷനുകൾ നൽകി വരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടികൾ സ്വീകരിച്ച് വരുന്നുമുണ്ട്.

1-24 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്റ്റ് 2017 ലെ സെക്ഷൻ 51,21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്റ്റുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ വർക്കുകളുടെ വിവിധ ബില്ലുകളിൽനിന്നായി ഒരു കരാറുകാരന് ആകെ 34,41,764/-രൂപ നല്കിയിട്ടുണ്ട്. 2.5 ലക്ഷം രൂപയ്ക്ക് താഴെയുള്ള ബില്ലുകളായിരുന്നതിനാൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല. അനന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-25 ക്ഷീരവികസന പദ്ധതി -ഒരു വിഭാഗം കർഷകർക്ക് സബ്സിഡി അവസരം ലഭ്യമാകുന്നില്ല.

2019-20സാമ്പത്തിക വർഷത്തെ ക്ഷീര വികസന പദ്ധതിയുടെ പ്രോജക്റ്റുകളുടെ ഓഡിറ്റ് പരിശോധനാ വേളയിൽ ഗ്രാമ പഞ്ചായത്തിലെ നിവാസികളും പശുവളർത്തൽ മുഖ്യ തൊഴിലാക്കിയ എല്ലാ ക്ഷീര കർഷകർക്കും പാലുല്പ്പാദനത്തിന് സബ്സിഡി ലഭ്യമാകുന്നില്ല എന്ന് കണ്ടെത്തി. ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യാത്തതും പാൽ അളക്കാത്തതുമായ കർഷകർക്ക് ഉല്പ്പാദനത്തിന് അനുസൃതമായി സബ്സിഡി ലഭ്യമാകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ടി വിവരം ഓഡിറ്റിനെ അറിയിക്കുവാൻ 30-5-2022ന് 14-ാം നമ്പറായി നല്കിയ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. ഗുണഭോക്താക്കളുടെ അപേക്ഷകൾ, പ്രാഥമിക അർഹതാ നിർണ്ണയപരിശോധനാ വിവരങ്ങൾ ഒന്നുംതന്നെ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല. വിശദമായ പരിശോധനയിൽ വ്യക്തിഗത അപേക്ഷകൾ ക്ഷണിക്കാതെ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കുന്നവരുടെ ലിസ്റ്റ് എടുക്കുകയും ആയത് ഗ്രാമസഭകളിൽ വച്ച് അംഗീകാരം വാങ്ങി പ്രോജക്റ്റ് നടപ്പിലാക്കുന്ന രീതിയാണ് അവലംബിച്ച് വരുന്നതെന്ന് കണ്ടെത്തി. ആയത് ക്രമപ്രകാരമല്ല. ഇപ്രകാരം സബ്സിഡി വിതരണ പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ ക്ഷീര വികസന സൊസൈറ്റികളിൽ പാലളക്കാത്ത ഒരു ചെറുകിട കർഷകന് സബ്സിഡി ലഭ്യമല്ലാതെ വരുന്നു എന്ന് മാത്രമല്ല അർഹതാനിർണ്ണയം

പരിശോധിക്കപ്പെടുന്നതുമില്ല. സബ്സിഡി സംബന്ധിച്ച സർക്കാർ മാർഗ്ഗരേഖയിൽ ഇപ്രകാരമുള്ളവർക്ക് വെറ്ററിനറി സർജ്ജന്റെ സാക്ഷ്യപത്രം പ്രകാരം സബ്സിഡിക്ക് അപേക്ഷിക്കാമെന്ന് നിഷ്കർഷിക്കുന്നു. (സർക്കാർ ഉത്തരവ് (കൈ) നം.22/2018/ത.സ്വ.ഭ.വ.തീയ്യതി 14-2-2018മാർഗ്ഗരേഖ. ഖ.6.2.8) മാത്രവുമല്ല ആയതിന് സ.ഉ.549/2019/തസ്വഭവ തീയ്യതി.7-3-2019പ്രകാരം ഒരു ലിറ്റർ പാലിന് 4/-രൂപാ നിരക്കിൽ പരമാവധി 15000/-രൂപാ വരെ വെറ്ററിനറി സർജ്ജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നല്കാവുന്നതാണ്. എന്നാൽ ഈ ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ഈ അവസരം ലഭ്യമാകുന്നില്ല. ആയതിന്മേൽ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയ വിവരം

| വർഷം | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച കാലയളവ് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 23-5-2022 മുതൽ 31-5-2022 വരെ | അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | * ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1993000 | ലൈഫ് (ജനറൽ) | 0 | 82104 |
| | | 1157000 | ലൈഫ് (എസ്.സി.പി) | 0 | 1157000 |
| | | 850000 | മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ | 0 | 850000 |
| | 2017-18 | 303612 | പെയിൻ& പാലിയേറ്റിവ് കെയർ | 0 | 8870 |
| | 2019-20 | 500000 | മിൽക്ക് | 357143 | 142857 |

| | | | | | |
|---|---|---|---|---|---|
| | | | ഇൻസന്റീവ് | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 768800 | നെൽകൃഷിക്ക് കൂലിച്ചെലവ് | 0 | 283025 |
| | | 2763779 | ലൈഫ്(ജനറൽ) | 0 | 214675 |
| | | 734438 | ലൈഫ് (എസ്.സി.പി) | 0 | 734438 |
| | | 500000 | മിൽക്ക് ഇൻസന്റീവ് | 500000 | -0- |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക ₹. | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | പള്ളവക്കാട് അംഗനവാടിക്ക് മുകളിലൂടെ പോകുന്ന വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ (329/19) | 44/ 27.3.2019 | 18104 | 18104 | -0- |
| കേരള വാട്ടർ അതോറിറ്റി | രാമശ്ശേരി കുടിവെള്ള പദ്ധതി കെ.ഡബ്ള്യ. എ ബന്ധിപ്പിക്കൽ (179/19) | 25/19. 11.2018 | 980000 | 345822 | 634178 |
| കേരള വാട്ടർ അതോറിറ്റി | കൊട്ടിൽപ്പാറ കുടിവെള്ള പദ്ധതി കെ.ഡബ്ള്യ.എ ബന്ധിപ്പിക്കൽ (180/19) | 19/ 4.10.18 | 310000 | 147852 | 162148 |

തൻവർഷം ഡെപ്പോസിറ്റ് പ്രവർത്തികൾ ഒന്നും തന്നെ ഏറ്റെടുത്തിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പാ/വായ്പാ തിരിച്ചടവ്

രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4-6 സ്ഥിര നിക്ഷേപം

രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകളോട് കൂടി കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2015-16 | 3.7.14 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 4.1.9 | സാംഖ്യ അക്കൊണ്ടിംഗ് സംബന്ധിച്ച് | -ടി- |
| 2015-16 | 5.2.1(ജി) | ടി.എ.മാർ അവശ്യ രേഖകൾ പാലിക്കുന്നില്ല | -ടി- |

4-9 ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ്ജ് സർച്ചാർജ്ജ് നടപടികളിലൂടെ തൻവർഷം തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 17,70,33,720/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 15,37,62,442/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | -ഒന്നുമില്ല- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -ഒന്നുമില്ല- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 197009/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 21934/- | ശ്രീ.ബാബുരാജ്, എച്ച് എം |
| | 175075/- | ശ്രീ.ശശികുമാർ, എച്ച്. എം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LFP14/453/07/17.3.2007 | 4 |
| 1997-98(വരവ്) | LFP14/453/07/5.2.2009 | 1 |
| 1997-98(ചെലവ്) | LFP7/361/03/6.8.2003 | 4 |
| 1998-99(വരവ്) | LFP14/103/09/5.2.2009 | 1 |
| 1998-99(ചെലവ്) | LFP14/454/07/9.6.2008 | 3 |
| 1999-2000 | LFP14/104/09/5.2.2009 | 6 |
| 2000-01 | LFP14/105/09/5.2.2009 | 18 |
| 2001-02 | LFP14/726/08/07.12.2009 | 3 |
| 2002-03 | LFP14/727/08/7.12.2009 | 3 |
| 2003-04 | LFP14/728/08/18.3.2010 | 11 |
| 2004-05 | LFP14/729/08/5.1.2010 | 3 |
| 2005-06 | LFP14/730/08/7.12.2009 | 6 |
| 2006-07 | LFP14/420/11/13.9.2011 | 10 |
| 2007-08 | LFP11/1848/13/8.1.2014 | 11 |
| 2008-09 | KSA.PKD.11/223/14/22.10.2016 | 17 |
| 2009-10& 2010-11 | LFP11/2408/12(2)/17.7.2013 | 33 |
| 2011-12 | LFP11/52/15/05.02.2015 | 21 |
| 2012-13 | KSA-PKD11/746/18/14.5.2018 | 18 |
| 2013-14 & 2014-15 | നം.കെ.എസ്.എ-പി.കെ.ഡി.പി.11/ 1264/2016/03.08.2016 | 19 |
| 2015-16 | KSA.PKD.11-26/2017/19.2.2018 | 18 |
| 2016-17 | KSA.PKD.11/1057/18/31.8.2018 | 21 |
| 2017-18 | KSA.PKD.11/2484/2018 തീയതി-18.12.2018 | |
| 2018-19 | നം.കെ.എസ്.എ-പികെഡി-11-824/2020 | 31 |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾസ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എലപ്പുള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3

## വാർഷികക്കണക്കുകൾ സംക്ഷിപ്തം

| | | | |
|---|---|---|---|
| | Elappully Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | | 62877293.24 |
| | Reserves | B-3 | 125238958.00 |
| | Total Reserve & Surplus | | 188116251.24 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | | 7617599.00 |
| | Total Grants, Contributions for Specific Purposes | | 7617599.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 61318235.00 |
| | Total Loans | | 61318235.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | | 609199.00 |
| 350000000 | Other Liabilities | | 1341737.66 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1950936.66 |
| | TOTAL LIABILITIES | | 259003021.90 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 168878530.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -18834843.00 |
| 412000000 | Capital Work in Progress | | 765485.00 |
| | Total Fixed Assets | | 150809172.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 15635100.00 |
| | Total Investments | | 15635100.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B — 14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1211206.90 |
| 440000000 | Pre-paid Expenses | B-16 | 67339063.00 |
| 450000000 | Cash and Bank Balance | B — 17 | 23271278.00 |
| 460000000 | Loans, Advances and Deposits | B-18 | 737202.00 |
| | Total Current Assets, Loans and Advances | 92558749.90 | |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | 259003021.90 | |

| | | | |
|---|---|---|---|
| | Elappully Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2019 to 31-March-2020 | | |
| Code.N0 | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 42480020.00 |
| Cash | Cash | RP-40(a) | 58875.00 |
| | Operating | | |
| 110000000 | Tax Revenue | RP-I | 2366205.00 |
| 130000000 | Rental income from Panchayat Properties | RP-3 | 20000.00 |
| 140000000 | Fees & User Charges | | 645459.00 |
| 150000000 | Sale & Hire Charges | RP-5 | 607615.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 77960601.00 |
| 171000000 | Interest Earned | RP-9 | 378231.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 37666331.00 |
| 340000000 | Deposits Received | RP-34 | 10000.00 |
| 350000000 | Other Liabilities | RP-36 | 296810.00 |
| | Non Operating | | |
| 180000000 | Other Income | RP-IO | 32888.00 |
| 330000000 | Secured Loans | RP-32 | 7020000.00 |
| 340000000 | Deposits Received | RP-34 | 164781.00 |
| 350000000 | Other Liabilities | RP-36 | 310606.00 |
| 360000000 | Provisions | RP-37 | 9425.00 |
| 431000000 | Sundry Debtors | RP-43 | 5241801.00 |

| | | | |
|---|---|---|---|
| | (Receivables) | | |
| 460000000 | Loans, Advances and Deposits | RP-47 | 1764072.00 |
| | Grand total | | 177033720.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4859327.00 |
| 220000000 | Administrative Expenses | RP-12 | 1377138.00 |
| 230000000 | Operations & Maintenance | RP-13 | 2401548.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 8156907.00 |
| 251000000 | Decentralised Plan Programme-Service Sector | RP- 16 | 19388531.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | 17 | 1465553.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 256709.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1536562.00 |
| 255000000 | Maintenance Projects | RP-20 | 19466340.00 |
| 280000000 | Prior Period item | RP-26 | 543340.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 34969496.00 |
| 340000000 | Deposits Received | RP-34 | 6000.00 |
| 350000000 | Other Liabilities | RP-36 | 7396957.00 |
| | Non Operating | | |
| 240000000 | Interest & Finance | RP-14 | 2885.00 |

| | | | |
|---|---|---|---|
| | Charges | | |
| 280000000 | Prior Period Item | RP-26 | -19780.00 |
| 340000000 | Deposits Received | RP-34 | 55849.00 |
| 350000000 | Other Liabilities | RP-36 | 2124246.00 |
| 360000000 | Provisions | RP-37 | 9425.00 |
| 410000000 | Fixed Assets | RP-38 | 12523142.00 |
| 412000000 | Capital work in Progress | RP-40 | 10270032.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4120.00 |
| 440000000 | Pre-paid Expenses | RP-45 | 25143348.00 |
| 460000000 | Loans, Advances and Deposits | RP-47 | 1824767.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 23271278.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 177033720.00 |

ഡെപ്യൂട്ടി ഡയറക്ടർ